REGIONAL NEWS UNIT, ALL INDIA RADIO, CALICUT

ആകാശവാണി

പ്രാദേശിക വാർത്തകൾ

തിയ്യതി: 05-11-2026 സമയം 06.45 AM

പ്രധാന വാർത്തകൾ

- മത്സ്യത്തൊഴിലാളികളെ സംസ്ഥാന ഗവണ്മെന്റ് ഹൃദയത്തോട് ചേർത്തുനിർത്തുമെന്ന് മുഖ്യമന്ത്രി VD സതീശൻ
- നശാമുക്ത് ഭാരത് പദ്ധതിയുടെ ഭാഗമായി ഓപ്പറേഷൻ തൂഫാന് കേന്ദ്ര സഹായം നൽകുമെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചതായി മന്ത്രി രമേശ് ചെന്നിത്തല.
- രോഗികൾക്ക് ഇഷ്ടപ്പെട്ട ചികിത്സാരീതി തിരഞ്ഞെടുക്കാൻ സൗകര്യങ്ങൾ ഒരുക്കുമെന്ന് മന്ത്രി K. മുരളീധരൻ.
- സംസ്ഥാന വനം വകുപ്പിന്റെ ബ്രാൻഡ് അംബാസഡർമാരായി നടന്മാരായ പൃഥ്വിരാജ് സുകുമാരനെയും കുഞ്ചാക്കോ ബോബനെയും നിയമിച്ചു.
- ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ ദക്ഷിണ കൊറിയയെ തകർത്ത് ഇന്ത്യ ഫൈനലിൽ.

വാർത്തകൾ വിശദമായി

മത്സ്യത്തൊഴിലാളികളെ സംസ്ഥാന ഗവണ്മെന്റ് ഹൃദയത്തോട് ചേർത്തുനിർത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. മിഷൻ സമുദ്ര നടപ്പാക്കുമ്പോൾ മൽസ്യബന്ധനത്തിന് തടസ്സമില്ലാതെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും ജീവിത നിലവാരവും സംരക്ഷിക്കുമെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.ഹാർബർ വികസനം,തീരസംരക്ഷണം,ഭവന സഹായം,മണ്ണെണ്ണ സബ്സിഡി,തീരദേശ വിദ്യാർത്ഥികൾക്ക് പഠനവും തൊഴിലും തുടങ്ങി സമഗ്രമായ വികസനമാണ് ഗവണ്മെന്റിന്റെ ലക്ഷ്യമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കേരളത്തിന്റെ വികസനത്തിനൊപ്പം മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും ഉറപ്പാക്കുമെന്നും വി ഡി സതീശൻ പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ ക്ഷേമ വികസന

പദ്ധതികൾക്കായി 510 കോടി രൂപയും പുതിയ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് 260 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2000ത്തോളം മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡിയ്ക്ക് 35 കോടി രൂപ അനുവദിച്ചതായും ഭവന സഹായം 4 ലക്ഷത്തിൽ നിന്ന് 6 ലക്ഷമായി ഉയർത്താൻ കഴിഞ്ഞതായും വിഡി സതീശൻ അറിയിച്ചു.

✪✪✪

നശാമുക്ത് ഭാരത് പദ്ധതിയുടെ ഭാഗമായി ഓപ്പറേഷൻ തൂഫാന് കേന്ദ്ര സഹായം നൽകുമെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചതായി മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ജനങ്ങളെ അണിനിരത്തി മയക്കുമരുന്നു വ്യാപനത്തെ പിടിച്ചുകെട്ടുന്ന ഓപ്പറേഷൻ തൂഫാന്റെ മാതൃകയെ അഭിനന്ദിക്കുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി കൂടിക്കാഴ്ചയിൽ അറിയിച്ചതായി രമേശ് ചെന്നിത്തല വ്യക്തമാക്കി.

കേരള പൊലീസിന്റെ ആധുനികവത്കരണത്തിന് പദ്ധതികൾ സമർപ്പിക്കുന്നതിന് ഡൽഹിയിലെത്തിയ തായിരുന്നു രമേശ് ചെന്നിത്തല.

വനിതാ പൊലീസുകാരുടെ എണ്ണം 30 ശതമാനമായി ഉയർത്താൻ കേരളം എടുത്ത തീരുമാനത്തെയും അമിത് ഷാ പ്രകീർത്തിച്ചു. നെട്ടുകാൽത്തേരിയിൽ പുതിയ സെൻട്രൽ ജയിൽ സ്ഥാപിക്കുന്നതിന് നിർദേശവും പൂജപ്പുരയിൽ ഓപ്പൺ ജയിൽ പദ്ധതിക്ക് നിർദേശവും അടക്കം ജയിൽവകുപ്പിന്റെ പദ്ധതി ആവശ്യങ്ങളും കേന്ദ്രശ്രദ്ധയിൽ പെടുത്തിയതായി രമേശ് ചെന്നിത്തല അറിയിച്ചു.

✪✪✪

മന്ത്രി രമേശ് ചെന്നിത്തല സംസ്ഥാന ഗവർണർ ഓം പ്രകാശ് മാഥൂറിനെ ന്യൂഡൽഹിയിൽ സന്ദർശിച്ച് സൗഹൃദ സംഭാഷണം നടത്തി. കൂടിക്കാഴ്ചയിൽ കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ മന്ത്രി ഗവർണറോട് വിശദീകരിച്ചു.

✪✪✪

രോഗികൾക്ക് ഇഷ്ടപ്പെട്ട ചികിത്സാരീതി തിരഞ്ഞെടുക്കാൻ അവകാശമുണ്ടെന്നും അതിനനുസരിച്ച സൗകര്യങ്ങൾ ഒരുക്കുകയാണ് ഗവൺമെന്റിന്റെ ഉത്തരവാദിത്തമെന്നും മന്ത്രി K. മുരളീധരൻ പറഞ്ഞു. തിരുവനന്തപുരം പെരിങ്ങമ്മല, മടത്തറയിൽ നിർമിച്ച സിദ്ധ ആശുപത്രിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആയുർവേദം, ഹോമിയോപ്പതി, സിദ്ധ ഉൾപ്പെടെ പരമ്പരാഗത ചികിത്സാരീതികൾക്കും ഗവൺമെന്റ് പ്രാധാന്യം നൽകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

തിരുവനന്തപുരം, പേരൂർക്കട – കവടിയാർ റോഡിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ നിർദിഷ്ട പേരൂർക്കട ഫ്ലൈഓവർ, കവടിയാർ ഇൻകം ടാക്സ് ഓഫീസ് വരെ നീട്ടണമെന്ന് മന്ത്രി കെ.മുരളീധരൻ ആവശ്യപ്പെട്ടു. ഇക്കാര്യം ഉന്നയിച്ച് മുഖ്യമന്ത്രി വി.ഡി.സതീശന് മന്ത്രി കത്ത് നൽകി.

പേരൂർക്കടയിൽ ഫ്ലൈഓവർ നിർമിക്കുന്നതിന് തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും അമ്പലമുക്ക് ജംഗ്ഷനു മുമ്പ് അവസാനിക്കുന്ന പദ്ധതി പ്രദേശത്തെ ഗതാഗതപ്രശ്നത്തിന് പരിഹാരമാകില്ലെന്ന് മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാന വനം വകുപ്പിന്റെ ബ്രാൻഡ് അംബാസഡർമാരായി ചലച്ചിത്ര താരങ്ങളായ പൃഥ്വിരാജ് സുകുമാരനെയും കുഞ്ചാക്കോ ബോബനെയും നിയമിച്ച് സംസ്ഥാന ഗവൺമെന്റ് ഉത്തരവ് ഇറക്കി. വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായാണ് നടപടി.

വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ശക്തിപ്പെടുത്താനും സംരക്ഷണ പ്രവർത്തനങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കാനും ഇരുവരെയും ഓണററി അടിസ്ഥാനത്തിലാണ് നിയോഗിച്ചത്.

✪✪✪

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് മന്ത്രി AP അനിൽകുമാറിന്റെ അധ്യക്ഷതയിൽ രാവിലെ അവലോകന യോഗം ചേരും. തീർത്ഥാടകർക്കും ഉദ്യോഗസ്ഥർക്കും ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമായ ശബരി പോർട്ടലും ചാറ്റ്ബോട്ടും മന്ത്രി ഉദ്ഘാടനം ചെയ്യും

യോഗത്തിൽ തദ്ദേശ ഭരണ സ്ഥാപന അധ്യക്ഷന്മാർ, സെക്രട്ടറിമാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ഇടതുമുന്നണി യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. പ്രതിപക്ഷ ഉപനേതൃ പദവിയുമായി ബന്ധപ്പെട്ട് മുന്നണിയിൽ നിലനിൽക്കുന്ന തർക്കങ്ങളിൽ CPI നിലപാട് യോഗത്തിൽ ഉന്നയിച്ചേക്കും. സംസ്ഥാനത്തെ പുതിയ രാഷ്ട്രീയ സംഭവവികാസങ്ങളും മുന്നണിയുടെ ഭാവി പരിപാടികളും യോഗം ചർച്ച ചെയ്യും.

✪✪✪

ഇന്ന് ലോക സുനാമി അവബോധ ദിനം. സുനാമിയെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയും, ദുരന്തസാധ്യത ലഘൂകരിക്കുകയുമാണ് ദിനാചരണ ലക്ഷ്യം.

"സുനാമിയെ നേരിടാൻ തയ്യാറാവുക: പ്രതിരോധം നിങ്ങളിൽ നിന്ന് ആരംഭിക്കുന്നു" എന്നതാണ് ഈ വർഷത്തെ ലോക സുനാമി അവബോധ ദിനാചരണ പ്രമേയം.

✪✪✪

അമേരിക്കയിൽ ഇടക്കാല തെരഞ്ഞെടുപ്പിൽ US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് കനത്ത തിരിച്ചടി നൽകി ഡെമോക്രാറ്റിക് പാർട്ടി ചരിത്ര വിജയം നേടി. US കോൺഗ്രസിലെ ജനപ്രതിനിധി സഭയിൽ 435 സീറ്റിൽ 232 എണ്ണവും ഡെമോക്രാറ്റുകൾ നേടി. സെനറ്റിലെ 100 സീറ്റിൽ 54 എണ്ണവും ഡെമോക്രാറ്റുകൾക്കാണ്.

ഡെസ്ക് റിപ്പോർട്ട്

.....വോയ്സ്.....

ഇന്ത്യൻ വംശജരും ഡെമോക്രാറ്റിക് പാർട്ടി നേതാക്കളുമായി അമീബേറ, റോ ഖന്ന, സുഹാസ് സുബ്രഹ്മണ്യം, പ്രമീളാ ജയപാൽ, പിയാ ഡാൻഡിയ, തുടങ്ങിയവർ ജനപ്രതിനിധി സഭയിലേക്ക് വിജയിച്ചു. 36 സംസ്ഥാനങ്ങളിലെ ഗവർണർ തെരഞ്ഞെടുപ്പുകളിൽ ഫലം അറിവായ 17 ഇടത്തും ഡെമോക്രാറ്റിക് സ്ഥാനാർത്തികളാണ് ജയിച്ചത്. 12 ഇടത്താണ് റിപ്പബ്ലിക്കൻ പാർട്ടിയുടെ ജയം.

ഇറാനുമായി ഉണ്ടായ സംഘർഷം റിപ്പബ്ലിക്കൻ പാർട്ടിക്ക് തിരിച്ചടിയായെന്ന് പറഞ്ഞ ട്രംപ് യുദ്ധത്തിൽ നിന്ന് പിന്നോട്ടില്ലെന്നും വ്യക്തമാക്കി. വരുന്ന ജനുവരിയിൽ പുതിയ കോൺഗ്രസ് അധികാരമേൽക്കുമ്പോൾ അമേരിക്കൻ രാഷ്ട്രീയം കൂടുതൽ കലുഷിതമാകുമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നത്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നയങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന ഡെമോക്രാറ്റുകളുടെ നീക്കം ലോകം ഉറ്റുനോക്കുകയാണ്.

✪✪✪

കാസർകോട് ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രമായ റാണിപുരം ടൂറിസ്റ്റ് കോംപ്ലക്സിൽ സംസ്ഥാന ടൂറിസം വകുപ്പ് ഒരു കോടി 93 ലക്ഷം രൂപ ചെലവഴിച്ച് സൗന്ദര്യവൽക്കരണ നവീകരണ പ്രവർത്തികൾ പൂർത്തിയാക്കി. നവീകരിച്ച ടൂറിസ്റ്റ് കോംപ്ലക്സ് ഈ മാസം 10ന് മന്ത്രി പി.സി വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യും.

കാസർകോട്ട് നിന്ന് പി. ജഗന്നിവാസൻ...

.....വോയ്സ്.....

✪✪✪

ഈ വർഷത്തെ ഏഷ്യൻ പാരാ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി വൈകിട്ട് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. ഇന്ദിരാഗാന്ധി സ്പോർട്സ് കോംപ്ലക്സിലാണ് പരിപാടി.

✪✪✪

ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിന്റെ രണ്ടാം സെമിഫൈനലിൽ ദക്ഷിണ കൊറിയയെ തകർത്ത് ഇന്ത്യ ഫൈനലിൽ കടന്നു. മൊഹാലിയിൽ ഒന്നിനെതിരെ എട്ടു ഗോളുകൾക്കായിരുന്നു ഇന്ത്യയുടെ ജയം. ഫൈനലിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. വൈകിട്ട് ഏഴിന് മൊഹാലിയിലാണ് മത്സരം.

✪✪✪

സാഫ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ബംഗ്ലാദേശിൽ ഇന്ന് ആരംഭിക്കും. ആദ്യ മത്സരത്തിൽ ഇന്ത്യ, പാക്കിസ്ഥാനെ നേരിടും. ധാക്ക നാഷണൽ സ്റ്റേഡിയത്തിൽ വൈകിട്ട് മൂന്നിനാണ് മത്സരം.

✪✪✪

കണ്ണൂരിൽ സമാപിച്ച ദക്ഷിണേന്ത്യൻ ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ പുരുഷ-വനിതാ വിഭാഗങ്ങളിൽ കേരളം ഓവറോൾ ചാമ്പ്യന്മാരായി. ആന്ധ്രപ്രദേശ് രണ്ടാം സ്ഥാനവും, കർണാടക മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് ജില്ലാ കലക്ടർ പി. വിഷ്ണുരാജ് ട്രോഫികൾ സമ്മാനിച്ചു.

✪✪✪

മലപ്പുറം കോട്ടപ്പടി സ്റ്റേഡിയത്തിൽ ഗവൺമെന്റ് ജീവനക്കാർക്കായി സംഘടിപ്പിച്ച സംസ്ഥാന സിവിൽ സർവീസ് ഫുട്ബോൾ ടൂർണമെന്റിൽ കോഴിക്കോട് ജില്ല ജേതാക്കളായി. ഫൈനലിൽ തൃശൂരിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് കോഴിക്കോട് തോൽപ്പിച്ചത്.

✪✪✪

മൂന്ന് ദിവസത്തെ കോഴിക്കോട് റെവന്യൂ ജില്ലാ സ്കൂൾ ശാസ്ത്രോത്സവത്തിന് ഇന്ന് വടകരയിൽ തുടക്കമാകും. നഗരപരിസരത്തെ ആറ് സ്കൂളുകളിലും ടൗൺഹാളിലുമാണ് മേള. കോഴിക്കോട്, വടകര, കൊയിലാണ്ടി, താമരശ്ശേരി വിദ്യാഭ്യാസ ജില്ലകളിലെ ആറായിരത്തിലധികം വിദ്യാർത്ഥികൾ ശാസ്ത്രമേളയിൽ പങ്കെടുക്കും.

✪✪✪

കൊല്ലം ജില്ലാ സ്കൂൾ ശാസ്ത്രോത്സവവും വൊക്കേഷണൽ ഹയർസെക്കൻഡറി മേഖലാ സ്കിൽ ഫെസ്റ്റും ഇന്നും നാളെയുമായി കൊട്ടാരക്കരയിൽ നടത്തും. അയ്യായിരത്തോളം കുട്ടികൾ പങ്കെടുക്കും. ശാസ്ത്രോത്സവം രാവിലെ പി.സി. വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യും.

✪✪✪

MSS സംസ്ഥാന ജനറൽ സെക്രട്ടറി എഞ്ചിനിയർ പി. മമ്മദ് കോയ കസാക്കിസ്ഥാനിൽ അന്തരിച്ചു. 70 വയസ്സായിരുന്നു. കസാഖിസ്ഥാൻ സന്ദർശത്തിന് ചൊവ്വാഴ്ച കോഴിക്കോട്ട് നിന്ന് പുറപെട്ടതായിരുന്നു. ലെൻസ് ഫെഡ് മുൻ സംസ്ഥാന പ്രസിഡണ്ടും സിയസ്കൊ മുൻ പ്രസിഡണ്ടുമായിരുന്നു.

'ഹജ്ജ് യാത്ര ഓർമ്മകൾ അനുഭവങ്ങൾ', .'ഉസ്ബക്കിസ്ഥാനിലെ മുന്തിരി വള്ളികൾ' എന്നി പുസ്തകങ്ങളുടെ രചയിതാവാണ്.

✪✪✪

കോഴിക്കോട്ട് അന്തരിച്ചകളി എഴുത്തുകാരൻ ഭാസി മലാപറമ്പിന് ഫുട്ബോൾ നഗരം യാത്രാമൊഴി നൽകി. സംസ്കാര ചടങ്ങുകൾ ഇന്നലെ വൈകിട്ട് മാവൂർ റോഡ് സ്മൃതി പഥത്തിലായിരുന്നു. ഭാസിയുടെ വീട്ടിലും സ്മൃതി പഥത്തിലും എത്തി പ്രമുഖർ അന്ത്യോപചാരമർപ്പിച്ചു.

✪✪✪

BJP ഇന്ന് കോഴിക്കോട്ട് ജനാധിപത്യ സംരക്ഷണ മഹാപദയാത്ര സംഘടിപ്പിക്കും. എരഞ്ഞിപ്പാലത്ത് നിന്നാരംഭിക്കുന്ന യാത്ര മുതലക്കുളം മൈതാനത്ത് സമാപിക്കും. തുടർന്ന് പൊതു സമ്മേളനം BJP ദേശീയ വൈസ് പ്രസിഡന്റും രാജ്യസഭാ MP-യുമായ പ്രൊഫ. എം. നാഗരാജ ഉദ്ഘാടനം ചെയ്യും.

✪✪✪

തീരദേശ മേഖലയിൽ ലഹരി വ്യാപനം തടയുന്നതിന്റെ ഭാഗമായി കൊല്ലം എക്സൈസ് സ്ക്വാഡ് നടത്തിയ "ഓപ്പറേഷൻ തണ്ടർ" റെയ്ഡിൽ ഒരു കിലോയിലധികം കഞ്ചാവുമായി യുവാവ് പിടിയിലായി. കൊല്ലം ഇരവിപുരം സ്വദേശി സൂഫിയാൻ ആണ് പിടിയിലായത്.

✪✪✪

News Editor & News Reader:: വി കെ സുരേഷ്
News Team: സബിത കെ, സാലിം
DEO: സി കെ സുബോധ്